

# കേരള ബാങ്ക് ഡിജിറ്റൽ ബാങ്കിംഗിലേക്ക്

# മഴവില്ല്

MONTHLY NEWSLETTER FOR
KERALA STATE CO-OPERATIVE BANK

കേരളബാങ്ക് ബുള്ളറ്റിൻ പ്രത്യേക പതിപ്പ്

VOLUME 03 | ISSUE 04 | 2023

## ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾക്ക്

**KB പ്രൈം**

**KB പ്രൈം പ്ലസ്**



# ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ കേരള ബാങ്കിലൂടെ .....

സഹകാരികളുടേയും സാധാരണക്കാരുടേയും ആശയും അഭിലാഷവുമെന്ന നിലയിൽ രൂപം കൊണ്ട കേരള ബാങ്ക് അതിന്റെ രൂപീകരണ ലക്ഷ്യങ്ങളിൽ സുപ്രധാനമായ ഒരു കടമ്പ കൂടി പിന്നിടുകയാണ്. ഏറെ സങ്കീർണ്ണമായ ഐ.ടി സംയോജന പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കിയതോടെ എല്ലാ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും കേരള ബാങ്കിലൂടെ സാധാരണക്കാർക്ക് പ്രാപ്തമാകുമെന്ന മഹത്തായ നേട്ടമാണ് ഇപ്പോൾ സാക്ഷാത്ക്കരിച്ചിരിക്കുന്നത്. ബാങ്കിംഗ് രംഗത്ത് വലിയൊരു വിഭാഗത്തിന് അപ്രാപ്യമായിരുന്ന സേവനങ്ങൾ കൃത്യതയോടെ കൂടുതൽ സുരക്ഷിതമായി ലഭ്യമാക്കുകയാണ്. വ്യക്തികൾക്കും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും മൊബൈൽ ആപ്ലിക്കേഷൻ വഴി പണമിടപാടുകൾ നടത്തുന്നതിനും ബിൽ പേമെന്റ് ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും സുരക്ഷിതവും സുസജ്ജവുമാണ് കേരള ബാങ്കിന്റെ കെ.ബി പ്രൈം, കെ.ബി പ്രൈം പ്ലസ് മൊബൈൽ ആപ്ലിക്കേഷനുകൾ.

ആധുനിക സേവനങ്ങൾ ഉറപ്പ നൽകുന്നതോടൊപ്പം കാർഷികമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി കർഷക അവാർഡും കേരള ബാങ്ക് ആദ്യമായി നടപ്പാക്കിയിരിക്കുന്നു.

ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ഉദ്ഘാടനം ചെയ്യുന്ന ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയ്ക്കും മിനിസ്റ്റേഴ്സ് ട്രോഫി അവാർഡ് നൽകുന്ന ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയ്ക്കും മറ്റു വിശിഷ്ടാതിഥികൾക്കും, ഈ സംരംഭത്തിൽ പങ്കാളികളായ എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് മഴവില്ല് സ്പെഷ്യൽ പതിപ്പ് സന്തോഷപൂർവ്വം വായനക്കാർക്ക് സമർപ്പിക്കുന്നു.

**ഗോപി കോട്ടമുറിക്കൽ**
**പ്രസിഡന്റ്, കേരളബാങ്ക്**

KERALA BANK

Kerala State Co-operative Bank

# ഉള്ളടക്കം


സന്ദേശം - ശ്രീ. പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി — 05

സന്ദേശം - ശ്രീ. വി.എൻ. വാസവൻ
ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി — 06

ഡിജിറ്റൽ സേവനങ്ങൾ
സാധാരണക്കാരിലേയ്ക്ക് — 08

എക്സലൻസ് അവാർഡ് — 10

കേരളബാങ്കിന്റെ കർഷക അവാർഡ് — 17

മിനിസ്റ്റേഴ്സ് ട്രോഫി — 20



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 473/പ്രസ്/സി.എം.ഒ/23 15 മേയ്, 2023.

## സന്ദേശം

കേരളീയരുടെ സ്വന്തം ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്ക് ഡിജിറ്റൽ ബാങ്കിംഗ് രംഗത്തേക്ക് പ്രവേശിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനും പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതോടെ ബാങ്കിന്റെ സേവനം കൂടുതൽ ജനങ്ങളിലേക്ക് എത്തുമെന്ന കാര്യത്തിൽ സംശയമില്ല.

കേരള ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിംഗിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന 'മഴവില്ലി'ന്റെ പ്രത്യേക പതിപ്പിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ



**V. N. VASAVAN**
**MINISTER FOR CO-OPERATION AND REGISTRATION**
**GOVERNMENT OF KERALA**

Thiruvananthapuram

Date....15/05/2023

## ആശംസ

കേരളത്തിന്റെ സഹകരണ മേഖലയിലേയ്ക്ക് നവോന്മേഷവുമായി എത്തിയ കേരള ബാങ്കിന്റെ പ്രവർത്തനം പുതിയ തലത്തിലേയ്ക്കു മാറുകയാണ്. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഇനിമുതൽ കേരള ബാങ്കിലൂടെ ലഭ്യമാകും. എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിന് കോർബാങ്കിംഗ് നടപടികൾ ഏകീകരിച്ച് ഉദ്ഘാടന സജ്ജമായി. 2023 മെയ് 18 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വിപ്രോയുടെ സാങ്കേതിക സഹായത്തോടെയാണ് കോർബാങ്കിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചത്. ബാങ്കിംഗ് സോഫ്റ്റ് വെയറായ ഫിനക്കിളിന്റെ ഏറ്റവും ആധുനിക വെർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യത്തെ ബാങ്ക്ളുടെയാണ് നമ്മുടെ അഭിമാനമായ കേരള ബാങ്ക്. പുത്തൻ ചുവടുവെയ്പിനു എല്ലാവിധ ആശംസകളും.

(വി. എൻ. വാസവൻ)

# ഐ ടി ഇന്റഗ്രേഷൻ കിക്കോഫ് ഉദ്ഘാടനം









കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU ) ഉദ്ഘാടനം




## കേരള ബാങ്കിന് പുതിയ മൊബൈൽ ബാങ്കിംഗ് ആപ്പ്

# ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാരിലേക്ക്

കേരളത്തിലെ സഹകരണ മേഖലയുടെ അഭിമാനമായ കേരള ബാങ്ക് മറ്റൊരു ചരിത്ര മുഹൂർത്തത്തിലൂടെ കടന്നു പോവുകയാണ്.

വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കേരള ബാങ്ക് വഴി ലഭ്യമാകുന്നു. അതിനായുള്ള ഐ.റ്റി. ഇന്റഗ്രേഷൻ പ്രവർത്തനങ്ങളാണ് ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നത്. സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവ പൂർത്തിയായി കഴിഞ്ഞു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB പ്രൈം പ്ലസ്, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB പ്രൈം തുടങ്ങി രണ്ട് പുതിയ മൊബൈൽ ആപ്ലിക്കേഷനുകളാണ് സജ്ജമായിട്ടുള്ളത്. പ്രൈം ആപ്പുവഴി ഓൺലൈൻ പേയ്മെന്റ്, ഇ.കൊമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS,NEFT, ബിൽ പേയ്മെന്റ് സേവനങ്ങളും ലഭിക്കുന്നു. Google Pay, Phone Pay, Paytm സൗകര്യങ്ങളും പ്രൈം ആപ്പിൽ ലഭ്യമാണ്.

നിയമപരമായി 29/11/2019ൽ കേരളബാങ്ക് നിലവിൽ വന്നെങ്കിലും 14 വ്യത്യസ്ത കോർ ബാങ്കിംഗ് സംവിധാനത്തിലാണ് ബാങ്ക് പ്രവർത്തിച്ചു കൊണ്ടിരുന്നത്. 14 തരത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സംവിധാനങ്ങളെ ഏകീകൃതമായ ഒറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്ന പ്രക്രിയ ആണ് ഐ.റ്റി ഇന്റഗ്രേഷൻ.

നിലവിൽ നടന്നു കൊണ്ടിരുന്ന ബിസിനസ്സ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കുക എന്നതായിരുന്നു പ്രധാന വെല്ലുവിളി.

ബാങ്കിലെ തന്നെ ജീവനക്കാരുടെ ടീമാണ് ഈ വെല്ലുവിളി ഏറ്റെടുത്ത് സമയബന്ധിതമായി സംയോജന നടപടികൾ പൂർത്തിയാക്കിയത്.

അക്കൗണ്ട് ഓപ്പണിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു സേവനങ്ങളും അധികം വൈകാതെ ഓൺലൈൻ വഴി ലഭ്യമാക്കും.

# ബാങ്കിംഗ് ലളിതം..
# അതിവേഗം..

## വ്യക്തിഗത ഉപഭോക്താക്കൾക്ക് KB പ്രൈം

### KB പ്രൈമിൽ ലഭ്യമായ സേവനങ്ങൾ

1. വ്യക്തിഗത ഉപഭോക്താക്കൾക്കുള്ള റീറ്റെയിൽ മൊബൈൽ ആപ്പ്.
2. കസ്റ്റമർ നമ്പർ അധിഷ്ഠിതമായ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സൗകര്യം.
3. ബാലൻസ് തുക അറിയുന്നതിനുള്ള സൗകര്യം.
4. മിനി സ്റ്റേറ്റ്മെന്റ്/വിശദമായ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സൗകര്യം.
5. മൊബൈൽ പാസ്ബുക്ക് സൗകര്യം.
6. FD, RD ലോണുകൾ എന്നിവയുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള സൗകര്യം.
7. UPI, IMPS, NEFT, RTGS സംവിധാനം വഴി പണം അയക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള സൗകര്യം.
8. ബിൽപേയ്മെന്റ്, റീചാർജ്ജ് സൗകര്യം.
9. ഇടപാടുകളുടെ പരിധി നിയന്ത്രിക്കുന്നതിനുള്ള സൗകര്യം.
10. MPIN, TPIN, ബയോമെട്രിക് ഉപയോഗിച്ചുള്ള സുരക്ഷാ സംവിധാനം
11. ബാങ്ക് ബ്രാഞ്ച്, ATM മേൽവിലാസം അറിയുന്നതിനുള്ള സൗകര്യം.

**UPI**
(Online Payment)
E-Com | Fund Transfer

**IMPS | NEFT**
**BBPS**
(Bill Payments)
**Mobile Passbook**

## KB പ്രൈം പ്ലസ് കോർപ്പറേറ്റ് മൊബൈൽ ബാങ്കിംഗ് ആപ്പ്



### KB പ്രൈം പ്ലസിൽ ലഭ്യമായ സേവനങ്ങൾ

1. സ്ഥാപനങ്ങൾക്കായുള്ള മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ
2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും KB പ്രൈം പ്ലസ് ആപ്പ് വഴി ഇടപാടുകൾ നടത്താവുന്നതാണ്.
3. സ്ഥാപനങ്ങളുടെ ആവശ്യം അനുസരിച്ച് മേക്കർ, ചെക്കർ, ഓതറൈസർ എന്നീ നിലകളിൽ പണമിടപാടിന് സൗകര്യം.
4. വ്യക്തിഗത കച്ചവടക്കാർക്ക് KB പ്രൈം ആപ്പ് ഉപയോഗിച്ച് ഇടപാട് നടത്താനുള്ള സൗകര്യം.
5. ഒന്നിലേറെ ബ്രാഞ്ചുകൾ ഉള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്ത ബ്രാഞ്ചുകളിൽ നിന്നും ആവശ്യാനുസരണം ഇടപാട് നടത്താനുള്ള സൗകര്യം.
6. MPIN, TPIN, OTP ബയോമെട്രിക് ഉപയോഗപ്പെടുത്തിയുള്ള മേക്കർ, ചെക്കർ, സുരക്ഷാ സംവിധാനം.
7. ബിൽ പേ ഉൾപ്പെടെ വ്യക്തിഗത ഉപഭോക്താക്കൾക്ക് ലഭ്യമായ പണം ഇടപാട്, അടിസ്ഥാന സൗകര്യങ്ങൾ KB പ്രൈം പ്ലസ്സിലും ലഭ്യമാണ്.


ഫയൽ ചിത്രം

## പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും (PACS) അർബൻ ബാങ്കുകൾക്കും

# എക്സലൻസ് അവാർഡ്

കേരളബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും (PACS) അർബൻ സഹകരണ ബാങ്കുകൾക്കും അതാത് സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്ന അവാർഡാണ് എക്സലൻസ് അവാർഡുകൾ. സഹകരണ സംഘങ്ങൾക്ക് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അവാർഡ് നൽകുന്നു. ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയുമാണ് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹത നേടിയ സംഘത്തിനും അർബൻ ബാങ്കിനും ലഭിക്കുന്നത്.

ധനകാര്യ മേഖലയിലെ പ്രവർത്തന മികവ് പരിഗണിച്ച് സംസ്ഥാനത്തെ 51 അർബൻ ബാങ്കുകളിൽ നിന്ന് 3 മികച്ച ബാങ്കുകളെ സംസ്ഥാനതല അവാർഡിന് തെരഞ്ഞെടുത്തിട്ടുണ്ട്.

2021-22 വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഒന്നാമത്തെ പ്രാഥമിക കാർഷിക വായ്പാ സംഘമായി കോഴിക്കോട് ജില്ലയിലെ ഏറാമല സർവ്വീസ് സഹകരണ ബാങ്കും രണ്ടാമത്തെ മികച്ച സംഘമായി കോഴിക്കോട് ബേപ്പൂർ സർവ്വീസ് സഹകരണ ബാങ്കും മൂന്നാമത്തെ മികച്ച സംഘങ്ങളായി കണ്ണൂർ കതിരൂർ സർവ്വീസ് സഹകരണ ബാങ്കും, കാസറഗോഡ് നീലേശ്വരം സർവ്വീസ് സഹകരണ ബാങ്കും തെരഞ്ഞെടുക്കപ്പെട്ടു.

അർബൻ സഹകരണ ബാങ്കുകളിൽ ഒന്നാം സ്ഥാനം കോട്ടയം സഹകരണ അർബൻ ബാങ്കും രണ്ടാം സ്ഥാനം വയനാട് സുൽത്താൻ ബത്തേരി സഹകരണ അർബൻ ബാങ്കും മൂന്നാം സ്ഥാനം കൊല്ലം കോസ്റ്റൽ സഹകരണ ബാങ്കും സ്വന്തമാക്കി.

**എക്സലൻസ് അവാർഡിന് (PACS) പരിഗണിച്ച മേഖലകൾ.**

1. കാർഷിക മേഖലയ്ക്ക് അനുവദിച്ച വായ്പ
2. സംഘങ്ങളുടെ ആകെ നിക്ഷേപം
3. CASA നിക്ഷേപം
4. അടിസ്ഥാന സൗകര്യ വികസനം
5. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ
6. കേരള ബാങ്കുമായുള്ള ബിസിനസ്സ് ഇടപെടലുകൾ
7. SHG കളുടെ രൂപീകരണം
8. വികസന പ്രവർത്തനം
9. ബഹുമുഖ സേവന കേന്ദ്രങ്ങൾ എന്നതലത്തിലേയ്ക്കുള്ള സംഘങ്ങളുടെ വളർച്ച

തുടങ്ങി വ്യത്യസ്ത മേഖലയിലെ ഇടപെടലുകൾ പരിഗണിച്ചാണ് അവാർഡ് നിർണ്ണയിച്ചിട്ടുള്ളത്.

# എക്സലൻസ് അവാർഡ് ലഭിച്ച പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS)

## സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം

## ഏറാമല സർവീസ് സഹകരണ ബാങ്ക്, കോഴിക്കോട്




### നാടിന്റെ വികസനം സാധ്യമാക്കി ഏറാമലയുടെ 'മയൂരം'

കോക്കനട്ട് കോംപ്ലക്സ്, രണ്ടു നീതി മെഡിക്കൽ സ്റ്റോറുകൾ, രണ്ട് പൊതുവിതരണ കേന്ദ്രങ്ങൾ, ആഗ്രോ സർവീസ് സെന്റർ... ഏറാമല ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിൽ നേതൃപരമായ പങ്കുവഹിച്ച പ്രവർത്തനരംഗത്ത് 84 വർഷം പിന്നിടുകയാണ് കോഴിക്കോട് ജില്ലയിലെ ഏറാമല സർവീസ് സഹകരണ ബാങ്ക്. പ്രദേശവാസികളുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റി നൽകാൻ 12 ശാഖകൾ പ്രവർത്തിച്ചുവരുന്നതിനൊപ്പം നാളികേര കർഷകരുടെ ആശ്രയ കേന്ദ്രമായി ഏറാമല കോക്കനട്ട് കോംപ്ലക്സും തലയുയർത്തിനിൽക്കുന്നു. ബാങ്കിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന മയൂരം ബ്രാൻഡ് വെളിച്ചെണ്ണ, വെർജിൻ ഓയിൽ, വെന്ത വെളിച്ചെണ്ണ, തേങ്ങാപ്പാൽ, ഹെയർ ഓയിൽ എന്നിവ വിപണിയിൽ ഏറെ ശ്രദ്ധനേടിക്കഴിഞ്ഞു.

നാടിന്റെ സമസ്ത വികസനം ലക്ഷ്യമാക്കി മുന്നോട്ടുപോകുന്ന ബാങ്കിന് 28156.12 ലക്ഷം രൂപ നിക്ഷേപവും 21182.12 ലക്ഷം രൂപ വായ്പയും ഉൾപ്പെടെ 49338.24 ലക്ഷം രൂപയുടെ ബിസിനസുണ്ട്. മുതിർന്ന സഹകാരി ശ്രീ. മനയത്ത് ചന്ദ്രനാണ് ചെയർമാൻ. ജനറൽ മാനേജർ ശ്രീ. ടി.കെ. വിനോദ്.

## സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം

## ബേപ്പൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴിക്കോട്




### തീരദേശത്തിന്റെ ഹൃദയത്തുടിപ്പായി ബേപ്പൂർ സർവീസ് സഹകരണ ബാങ്ക്

തീരദേശ പട്ടണങ്ങളിൽ ഒന്നായ ബേപ്പൂരിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തന രംഗത്ത് മൂന്ന് പതിറ്റാണ്ട് പൂർത്തിയാക്കുകയാണ് ബേപ്പൂർ സർവീസ് സഹകരണ ബാങ്ക്.

322.46 കോടി രൂപ നിക്ഷേപവും 297.54 കോടി രൂപ വായ്പയും ഉൾപ്പെടെ 620 കോടി രൂപയുടെ ബിസിനസുള്ള എ ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബാങ്കായ കോഴിക്കോട് ബേപ്പൂർ എസ്.സി.ബിക്ക് അരലക്ഷത്തിലധികം മെമ്പർമാരുണ്ട്.

മത്സ്യമേഖലയെ ആശ്രയിച്ച് ഉപജീവനം നയിക്കുന്ന അംഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി ആരംഭിച്ച നീതി ഫിഷ് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് യൂണിറ്റ്, നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ലാബുകൾ, ഫിസിയോതെറാപ്പി യൂണിറ്റ്, നീതി കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങി നിരവധി പദ്ധതികൾ ബാങ്ക് വിജയകരമായി നടപ്പിലാക്കിവരുന്നു. ശ്രീ. കെ.രാജീവാണ് ബാങ്കിന്റെ പ്രസിഡന്റ്, ശ്രീമതി വി.കെ. രാധാദേവിയാണ് സെക്രട്ടറി.



# സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം

## കതിരൂർ സർവീസ് സഹകരണ ബാങ്ക്, കണ്ണൂർ

### മികവ് തുടരാൻ കതിരൂർ

1956 ജനവരി 31ന് പ്രവർത്തനം ആരംഭിച്ച കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലാസ്സ് 1 സൂപ്പർ ഗ്രേഡ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്.
11 ബ്രാഞ്ചുകൾ നിലവിലുണ്ട്. 1996 മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന് 2021-22 വർഷം 4.04 കോടി രൂപയും 2022-23 വർഷം താത്ക്കാലിക കടധനപത്രിക പ്രകാരം 5 കോടി രൂപയും പ്രവർത്തന ലാഭമുണ്ട്. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നിർമ്മിച്ച ടർഫുകളിൽ ഒന്ന് കതിരൂർ സഹകരണ ബാങ്കിന്റേതാണ്. വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായികൊണ്ടിരിക്കുന്ന ബാങ്കിലെ മെമ്പർമാർക്ക് ബാങ്കിന്റെ പൊതു നന്മാ ഫണ്ടിൽ നിന്നും മാസം തോറും 1000 രൂപ വീതം പെൻഷൻ നൽകി വരുന്നു. കിടപ്പു രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നതിനും രോഗീ പരിചരണത്തിനും വേണ്ടി ബാങ്കിന്റെ പൊതുനന്മാ ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ കേന്ദ്രവും ഇവിടെയുണ്ട്. ശ്രീ. ശ്രീജിത്ത് ചോയൻ ആണ് പ്രസിഡന്റ്, സെക്രട്ടറി ഹേമലത പി.എം.



# സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം

## നീലേശ്വരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാസറഗോഡ്

### 571.52 കോടി രൂപയുടെ ബിസിനസുമായി നീലേശ്വരം സർവീസ് സഹകരണ ബാങ്ക്

362.67 കോടി രൂപ നിക്ഷേപവും 208.85 കോടി രൂപ വായ്പയും ഉൾപ്പെടെ 571.52 കോടി രൂപ ബിസിനസുമായി സാധാരണക്കാരന്റെ ആശ്രയകേന്ദ്രമായി പ്രവർത്തനരംഗത്ത് 76 വർഷം പൂർത്തിയാക്കുകയാണ് നീലേശ്വരം സർവീസ് സഹകരണ ബാങ്ക്. സഹകരണമേഖലയിലെ വൈവിധ്യവൽക്കരണവും കാരുണ്യ സന്നദ്ധ സേവന പ്രവർത്തനങ്ങളിലെ സജീവതയും നീലേശ്വരം ബാങ്കിനെ മറ്റു ബാങ്കുകളിൽനിന്ന് വേറിട്ടതാക്കുന്നു.
RTGS/NEFT, എടിഎം തുടങ്ങിയ ആധുനിക ബാങ്കിൽ സൗകര്യങ്ങളെല്ലാം നേരത്തെതന്നെ നടപ്പിലാക്കാൻ ബാങ്കിന് കഴിഞ്ഞു.
സേവനപ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് ബാങ്കിംഗ് ഫ്രോണ്ടിയേഴ്സ് ദേശീയ പുരസ്കാരം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ബാങ്കിന് ലഭിച്ചിട്ടുണ്ട്.
ജില്ലയിലെ മുതിർന്ന സഹകാരിയായ ശ്രീ എം രാധാകൃഷ്ണൻ നായരാണ് ബാങ്ക് പ്രസിഡൻറ് ശ്രീ. പി. രാധാകൃഷ്ണൻ നായരാണ് സെക്രട്ടറി.

# എക്സലൻസ് അവാർഡ് ലഭിച്ച അർബൻ ബാങ്കുകൾ



## സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം

**കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്**
**കോട്ടയം**

### നൂറിന്റെ നിറവിൽ കോട്ടയം സഹകരണ അർബൻ ബാങ്ക്

404.77 കോടി രൂപ നിക്ഷേപവും 267.26 കോടി രൂപ വായ്പയും ഉൾപ്പെടെ 672.03 കോടി രൂപയുടെ ബിസിനസുമായി പ്രവർത്തനരംഗത്ത് നൂറ് വർഷം പൂർത്തിയാക്കുകയാണ് കോട്ടയം സഹകരണ അർബൻ ബാങ്ക്. ഇതിനകം അഞ്ഞൂറിൽപരം കുടുംബശ്രീ യൂണിറ്റുകൾക്കായി 50 കോടിയിലധികം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

കെഎസ്ഇബിയുടെ സഹകരണത്തോടെയുള്ള പുരപ്പുറ സൗരോർജ പദ്ധതിയുടെ ഭാഗമായി ബാങ്ക് നടപ്പിലാക്കിയ സൂര്യകിരൺ വായ്പ പദ്ധതി ഏറെ ജനശ്രദ്ധ നേടി. മികച്ച സഹകാരിയായ ശ്രീ. ടി. ആർ. രഘുനാഥനാണ് ചെയർമാൻ ശ്രീ. വിജയകുമാരൻ വിജയവിലാസമാണ് മാനേജിംഗ് ഡയറക്ടർ.



## സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം

**സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്**
**വയനാട്**

### ബത്തേരി സഹകരണ അർബൻ ബാങ്കിന് 482.13 കോടിയുടെ ബിസിനസ്

പ്രവർത്തന രംഗത്ത് 47 വർഷം പിന്നിട്ട ബത്തേരി സഹകരണ അർബൻ ബാങ്കിന് 482.13 കോടിയുടെ ബിസിനസ്.

285.19 കോടി രൂപ നിക്ഷേപവും 196.94 കോടി രൂപ വായ്പയുമുള്ള ബാങ്ക് ബത്തേരി നിവാസികളുടെ ആശ്രയ കേന്ദ്രമാണ്.

13 ശാഖകളുള്ള ബാങ്ക് ഇടപാടുകാർക്കായി RTGS/NEFT, എടിഎം ഉടങ്ങിയ ആധുനിക സേവനങ്ങളെല്ലാം നൽകിവരുന്നു. ഡോക്ടർ സണ്ണി ജോർജ് അഡ്മിനിസ്ട്രേറ്റീവ് കൺവീനറും ശ്രീ.ഒ.റ്റി. മനോജ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആണ്.



## സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം

**കോസ്റ്റൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്**
**കൊല്ലം**

### കോസ്റ്റൽ അർബൻ സഹകരണ ബാങ്കിന് 667 കോടി രൂപയുടെ ബിസിനസ്

400 കോടി രൂപ നിക്ഷേപവും 267 കോടി രൂപ വായ്പയും ഉൾപ്പെടെ 667 കോടി രൂപയുടെ ബിസിനസുള്ള കോസ്റ്റൽ അർബൻ സഹകരണ ബാങ്ക് പ്രവർത്തനരംഗത്ത് ഏഴ് പതിറ്റാണ്ട് പൂർത്തിയാക്കുകയാണ്.

മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ സാധാരണ ജനവിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി നിരവധി വായ്പ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു. ചെയർമാൻ ജില്ലയിലെ മികച്ച സഹകാരിയായ ജോർജ്. ഡി. കാട്ടിൽ .ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീമതി എ.ആർ. ഷൈലമ്മ.

## എക്സലൻസ് അവാർഡ്
# ജില്ലാ തലത്തിൽ






തിരുവനന്തപുരം

| | |
|---|---|
| ഒന്നാം സ്ഥാനം | ബാലരാമപുരം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ടി.14 |
| രണ്ടാം സ്ഥാനം | ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 976 |
| രണ്ടാംസ്ഥാനം | കരകുളം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064 |
| മൂന്നാം സ്ഥാനം | നെല്ലിമൂട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2639 |

| | |
|---|---|
| ഒന്നാം സ്ഥാനം | ഉടയന്നൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ക്യു.371 |
| ഒന്നാം സ്ഥാനം | കടയ്ക്കൽ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.3456 |
| രണ്ടാംസ്ഥാനം | കുലശേഖരപുരം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.995 |
| മൂന്നാം സ്ഥാനം | തെക്കുംഭാഗം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1731 |



കൊല്ലം



ആലപ്പുഴ

| | |
|---|---|
| ഒന്നാം സ്ഥാനം | ചേർത്തല സൗത്ത് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 1344 |
| രണ്ടാം സ്ഥാനം | തിരുനല്ലൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1250 |
| മൂന്നാം സ്ഥാനം | കഞ്ഞിക്കുഴി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ കെ-1558 |

| | |
|---|---|
| ഒന്നാം സ്ഥാനം | വള്ളിക്കോട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 61 |
| രണ്ടാം സ്ഥാനം | മെഴുവേലി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2570 |
| മൂന്നാം സ്ഥാനം | നെടുമൺ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.2720 |



പത്തനംതിട്ട



കോട്ടയം

| | |
|---|---|
| ഒന്നാം സ്ഥാനം | കടുത്തുരുത്തി റീജിയണൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ.4061 |
| ഒന്നാം സ്ഥാനം | മരങ്ങാട്ടുപിള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ.3556 |
| രണ്ടാംസ്ഥാനം | പൊൻകുന്നം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 527 |
| മൂന്നാം സ്ഥാനം | തലപ്പാലം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.3937 |

| | |
|---|---|
| ഒന്നാം സ്ഥാനം | കട്ടപ്പന സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3738 |
| രണ്ടാം സ്ഥാനം | അടിമാലി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.3045 |
| മൂന്നാം സ്ഥാനം | നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ കെ-326 |



ഇടുക്കി



എറണാകുളം

| | |
|---|---|
| ഒന്നാം സ്ഥാനം | വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1015 |
| രണ്ടാം സ്ഥാനം | കടുങ്ങല്ലൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2165 |
| മൂന്നാം സ്ഥാനം | കവളങ്ങാട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1348 |

| | |
|---|---|
| ഒന്നാം സ്ഥാനം | കുറ്റിക്കാട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 572 |
| രണ്ടാം സ്ഥാനം | കൊരട്ടി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 590 |
| മൂന്നാം സ്ഥാനം | പരിയാരം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 593 |



തൃശ്ശൂർ



പാലക്കാട്

| | |
|---|---|
| ഒന്നാം സ്ഥാനം | കണ്ണമ്പ്ര സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1221 |
| രണ്ടാം സ്ഥാനം | പെരുമാട്ടി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 757 |
| മൂന്നാം സ്ഥാനം | അലനല്ലൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1178 |

| | |
|---|---|
| ഒന്നാം സ്ഥാനം | ദി ഫെറോക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ. എഫ്.1095 |
| ഒന്നാം സ്ഥാനം | കാലിക്കറ്റ് സിറ്റി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ.2777 |
| രണ്ടാംസ്ഥാനം | നാദാപുരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.721 |
| രണ്ടാംസ്ഥാനം | ചെക്യാട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1657 |
| മൂന്നാം സ്ഥാനം | കാരശ്ശേരി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.ഡി.2628 |
| മൂന്നാം സ്ഥാനം | ചേമഞ്ചേരി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് F. 779 |



കോഴിക്കോട്



വയനാട്

| | |
|---|---|
| ഒന്നാം സ്ഥാനം | തരിയോട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.967 |
| രണ്ടാം സ്ഥാനം | മടക്കിമല സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.490 |
| മൂന്നാം സ്ഥാനം | സുൽത്താൻ ബത്തേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.എൽ.എൽ.11 |

| | |
|---|---|
| ഒന്നാം സ്ഥാനം | ചെറുതാഴം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.747 |
| രണ്ടാം സ്ഥാനം | കടന്നപ്പള്ളി പാണപ്പുഴ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി.818 |
| മൂന്നാം സ്ഥാനം | മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1233 |



കണ്ണൂർ



കാസർഗോഡ്

| | |
|---|---|
| ഒന്നാം സ്ഥാനം | പനയാൽ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി.46 |
| രണ്ടാം സ്ഥാനം | മഞ്ചേശ്വരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ സി.323 |
| മൂന്നാം സ്ഥാനം | കോട്ടച്ചേരി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ LL.156 |



# കേരള ബാങ്കിന്റെ കർഷക അവാർഡുകൾ





കർഷക വൃത്തിയിലൂടെ ജീവിതം നയിക്കുന്നവർ മാത്രമല്ല, മറ്റുള്ളവർക്ക് വേണ്ടി സ്വജീവിതം സമർപ്പിക്കുന്നവരുമാണ് യഥാർത്ഥ കർഷകർ. മണ്ണിനെ സ്നേഹിക്കുന്ന ഒരു ഉത്തമ കർഷകർ ചുറ്റുമുള്ള സർവ്വ ചരാചരങ്ങളേയും സ്നേഹിക്കുന്നു. മണ്ണിൽ വിയർപ്പൊഴുക്കി പൊന്ന് വിളയിക്കുന്ന കർഷകർ നമ്മുടെ അന്നദാതാക്കളാണ്. കാർഷിക, കാർഷികാനുബന്ധ മേഖലകളിലൂടെ അവർ തങ്ങളുടെ കടമ നിറവേറ്റുന്നു. ചിലർ മൃഗപരിപാലനത്തിലൂടെയും മറ്റു ചിലർ ക്ഷീരമേലയിലും വിപ്ലവം സൃഷ്ടിക്കുന്നു. ജലാശയങ്ങളിൽ മത്സ്യസമൃദ്ധിയുടെ വിത്ത് വിതയ്ക്കുന്നവരും ഹൈടെക് സാങ്കേതിക വിദ്യകളിലൂടെ പുതുകാർഷിക സംസ്ക്കാരത്തിന്റെ പ്രയോക്താക്കളാകുന്നവരും നമ്മുടെ കാർഷിക മേഖലയിൽ ഉണ്ട്. ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച കർഷകരെ തിരിച്ചറിഞ്ഞ് ഈ നാടിന് വേണ്ടി അംഗീകാരവും അനുമോദനവും സമർപ്പിക്കുവാൻ കേരള ബാങ്ക് മുന്നിട്ടിറങ്ങുകയാണ്.

ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് മികച്ച നെൽകർഷകൻ, മികച്ച ക്ഷീര കർഷകൻ, മികച്ച പച്ചക്കറി കർഷകൻ, മികച്ച സമ്മിശ്ര കർഷകൻ, മികച്ച മത്സ്യ കർഷകൻ, മികച്ച തോട്ടവിള കർഷകൻ എന്നിങ്ങനെയുള്ള കേരള ബാങ്കിന്റെ കർഷക പുരസ്ക്കാരങ്ങൾ സമർപ്പിക്കുന്നത്.

## മികച്ച നെൽകർഷകൻ

**ശ്രീ. ചന്ദ്രൻ മുള്ളാരുവീട്ടിൽ, കോഴിക്കോട്**

മികച്ച നെൽകർഷകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.ചന്ദ്രൻ മുള്ളാരുവീട്ടിൽ ഔഷധ ഗുണമുള്ള നെല്ലിനങ്ങളുടെ ഉൽപാദനത്തിലും വിത്ത് സംരക്ഷണത്തിലും ശ്രദ്ധാലുവാണ്. രക്തശാലി, ഉമ തുടങ്ങിയ നെല്ലിനങ്ങളാണ് പ്രധാനമായും അദ്ദേഹം കൃഷി ചെയ്യുന്നത്. നെൽകൃഷിക്കായി നിലമൊരുക്കും മുമ്പ് മുളപ്പിക്കുന്ന ചീര നല്ലൊരു വരുമാന മാർഗമാണ് എന്നും ഈ കർഷകൻ സാക്ഷ്യപ്പെടുത്തുന്നു. വാഴ, കപ്പ, പച്ചക്കറികൾ, തെങ്ങ് എന്നിവയെല്ലാം മൂന്നര ഏക്കറോളം വരുന്ന കൃഷിയിടത്തിൽ പരിപാലിച്ച് വരുന്നു. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ കുന്നമംഗലം ബ്ലോക്കിലെ കർഷക പ്രതിനിധി കൂടിയാണ് മാവൂർ സ്വദേശിയായ ശ്രീ. ചന്ദ്രൻ. ഒട്ടനവധി കർഷക പുരസ്ക്കാരങ്ങളും അദ്ദേഹത്തിന് ലഭ്യമായിട്ടുണ്ട്.



## മികച്ച ക്ഷീര കർഷകൻ

**ശ്രീ.രജീഷ്.പി, കോഴിക്കോട്**



ക്ഷീരമേഖലയിൽ പാലുല്പന്നങ്ങളായ തൈര്, നെയ്യ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും ഏറ്റവും ശ്രദ്ധേയമായി നിർവ്വഹിച്ച് വരുന്ന ശ്രീ.രജീഷ്.പി കോഴിക്കോട് കാരശ്ശേരി സ്വദേശിയാണ്. മുഴുവൻ സമയ കർഷകനായ അദ്ദേഹം ഹൈടെക് രീതി വിജയകരമായി കൃഷിയിൽ പ്രയോജനപ്പെടുത്തി വരുന്നു. പശുവളർത്തൽ കൂടാതെ ഭക്ഷ്യവിളകൾ, മത്സ്യം എന്നിവയും ഫലപ്രദമായി കൃഷി ചെയ്ത് വരുന്നുണ്ട്. രണ്ടര ഏക്കർ മുതൽ അഞ്ചേക്കർ വരെയുള്ള കൃഷിയിടത്തിലാണ് കൃഷി നടത്തി വരുന്നത്. കൃഷിയിലൂടെ മികച്ച സ്ഥിര വരുമാനം ലഭിക്കുന്നുണ്ട്.

## മികച്ച പച്ചക്കറി കർഷകൻ

**ശ്രീ. കെ.പി.ശുഭകേശൻ, ആലപ്പുഴ**

കഞ്ഞിക്കുഴി പയറിനത്തിന്റെ ഉപജ്ഞാതാവായ ശുഭകേശൻ ഇപ്പോൾ ഈ പയറിനത്തിന് വിദേശത്ത് വരെ വിപണി കണ്ടെത്തിയിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി സ്വദേശിയായ ഇദ്ദേഹത്തിന്റെ കൃഷിത്തോട്ടം പച്ചക്കറികളുടെ കലവറയാണ്. പാവൽ, പടവലം, വെണ്ട, പയർ, മത്തൻ തുടങ്ങി 30 ഓളം ഇനങ്ങൾ ഇവിടെ കൃഷി ചെയ്ത് വരുന്നുണ്ട്. രണ്ട് സെന്റിൽ കൃഷി ചെയ്ത് തുടങ്ങിയ ശുഭകേശന് ഇപ്പോൾ 25 ഏക്കർ സ്ഥലത്ത് കൃഷിയുണ്ട്. 37 ഇഞ്ച് നീളം വരുന്ന പ്രതിരോധ ശേഷി കൂടിയ പയറിനമാണ് കഞ്ഞിക്കുഴി. 1994-95ലാണ് ശുഭകേശന് പയറിന്റെ പ്ലേറ്റന്റ് ലഭിക്കുന്നത്.



## മികച്ച സമ്മിശ്ര കർഷകൻ

**ശ്രീ.സജി മാത്യു, കോഴിക്കോട്**



കോഴിക്കോട് കല്ലാനോട് സ്വദേശിയായ ശ്രീ. സജി മാത്യുവിന്റെ തോട്ടത്തിൽ 14 വ്യത്യസ്ത ഫലവൃക്ഷങ്ങളും പഴയവർഗ്ഗങ്ങളുമുണ്ട്. റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, ഡ്രാഗൺഫ്രൂട്ട് തുടങ്ങിയവ ഇപ്പോൾ വിളവെടുപ്പിന് പാകമായി നിൽക്കുകയാണ്. തെങ്ങ്, ജാതി തുടങ്ങിയവയും ശ്രീ. സജി മാത്യു കൃഷി ചെയ്ത് വരുന്നു. 135 ജാതി മരങ്ങളിൽ നിന്നും ലഭിക്കുന്ന വിളവ് പ്രധാന വരുമാന മാർഗമാണ്.

## മികച്ച മത്സ്യ കർഷകൻ

**ശ്രീ.ജോർജ് പി.സി, കോഴിക്കോട്**



അലങ്കാര മത്സ്യം ശ്രീ. ജോർജിന് വെറുമൊരു അലങ്കാരമല്ല. ലക്ഷങ്ങൾ വരുമാനം ലഭിക്കുന്ന ഒരു കൃഷി ഇനമാണ്. അലങ്കാര മത്സ്യകൃഷിയിലൂടെ പ്രജനനം ഉറപ്പാക്കി മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നു. വിദേശത്തേക്ക് വരെ കയറ്റി അയക്കുന്ന കയറ്റുമതി ലൈസൻസ് ലഭിച്ചിട്ടുള്ള ജോർജ് തിരുവമ്പാടി പൊന്നാങ്കയം സ്വദേശിയാണ്. ഗപ്പി, ഗോൾഡ് ഫിഷ് എന്നിവയാണ് പ്രധാനമായി ഉൽപാദിപ്പിക്കുന്നത്. ഗൾഫിൽ ബഹ്റിൻ, ദുബായ് എന്നിവിടങ്ങളിലേയ്ക്കാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

## മികച്ച തോട്ടവിള കർഷകൻ

**ശ്രീ.ബി.രാജീവ്, കൊല്ലം**



കുരുമുളക് കൃഷിയിൽ ഏവർക്കും മാതൃകയാണ് കൊല്ലം അഞ്ചൽ ഭാരതിപുരം സ്വദേശിയായ ശ്രീ. രാജീവ്. മുന്തിരിക്കുല പോലെ കായ്ക്കുന്ന 'പെപ്പർ തെക്കൻ' മികച്ച വിളവ് ലഭിക്കുന്ന 'വിജയി' എന്നിവയാണ് പ്രധാനമായി കൃഷി ചെയ്യുന്നത്. ഇതിനു പുറമെ റബർ, കാലിവളർത്തൽ, കോഴി, താറാവ്, മത്സ്യകൃഷി എന്നിവയും നടത്തി വരുന്നു. എട്ടേക്കർ സ്ഥലമാണ് കൃഷിയിടം.


ഫയൽ ചിത്രം

# മിനിസ്റ്റേഴ്സ് ട്രോഫി




കേരളത്തിലെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച Be the number one ക്യാമ്പയിന്റെ രണ്ടാം ഘട്ടമായി നടപ്പാക്കിയ Be the number one ഫിനാലെ 2023 ക്യാമ്പയിൻ മികച്ച രീതിയിൽ പൂർത്തിയാക്കിയിരിക്കുകയാണ്. Be the number one ഫിനാലെ ക്യാമ്പയിന്റെ അടിസ്ഥാനത്തിലാണ് മിനിസ്റ്റേഴ്സ് ട്രോഫി നിശ്ചയിച്ചിട്ടുള്ളത്.


### മിനിസ്റ്റേഴ്സ് ട്രോഫിക്ക് പരിഗണിച്ച മേഖലകൾ

1. വായ്പാ വർദ്ധനവ്
2. കാസ നിക്ഷേപത്തിലുള്ള വർദ്ധനവ്
3. നിക്ഷേപത്തിലുള്ള വർദ്ധനവ്
4. ഗോൾഡ് ലോണിലുള്ള വർദ്ധനവ്
5. നിഷ്ക്രിയ ആസ്തിയിലുള്ള കുറവ്
6. ബിസിനസ്സ് വളർച്ച (നിക്ഷേപം + വായ്പ)

2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് അവാർഡ്.

# മിനിസ്റ്റേഴ്സ് ട്രോഫി 2023

## മികച്ച റീജിയണൽ ഓഫീസ് – ആലപ്പുഴ



വായ്പ വർദ്ധനവ് – 467 .63 കോടി

NPA – 8%




## മികച്ച ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ – ആലപ്പുഴ

വായ്പ വർദ്ധനവ് – 343 കോടി

NPA – 4.47 %





## മികച്ച ശാഖ – ഉള്ളിയേരി, കോഴിക്കോട് ജില്ല




വായ്പ വർദ്ധനവ് – 19.79 കോടി

നിക്ഷേപ വർദ്ധനവ് –12.44കോടി

CASA വർദ്ധനവ് – 11.82കോടി

NPA – 1.67%





# Be the Number One Finale 2023
# പ്രത്യേക പുരസ്കാരങ്ങൾ

സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ റീജിയണൽ ഓഫീസ്
**കണ്ണൂർ**

സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ റീജിയണൽ ഓഫീസ്
**കോട്ടയം, കോഴിക്കോട്**

സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ
**കാസറഗോഡ്, തൃശ്ശൂർ**

സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ
**കോഴിക്കോട്**

സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ ശാഖ
**കൊയിലാണ്ടി, കോഴിക്കോട് ജില്ല**

സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ ശാഖ
**കക്കോടി, കോഴിക്കോട് ജില്ല**

Best CPC in NPA Slippage management 2022-23
**പത്തനംതിട്ട**

ക്യാമ്പയിൻ ലക്ഷ്യങ്ങൾ കൈവരിച്ച സി.പി.സികൾ ( CD Ratio, CASA Percentage , NPA Percentage)
**വയനാട്, കോഴിക്കോട്**

ക്യാമ്പയിൻ ലക്ഷ്യങ്ങൾ കൈവരിച്ച റീജിയണൽ ഓഫീസ് ( CD Ratio, CASA Percentage , NPA Percentage )
**കോഴിക്കോട്**

മുൻഗണന മേഖലയിലുള്ള വായ്പാ വിതരണത്തിലെ മികച്ച പ്രകടനം
**കൊല്ലം**

CASA നിക്ഷേപത്തിൽ ശതമാനത്തിലും തുകയിലും വർദ്ധനവ് ലഭിച്ച സി.പി.സി
**പാലക്കാട്**

2021-22 സാമ്പത്തിക വർഷത്തെക്കാൾ NPA കുറച്ച ജില്ല
**മലപ്പുറം**

100% provision വെച്ച വായ്പയിൽ ഏറ്റവും കൂടുതൽ കളക്ഷൻ ലഭിച്ച സി.പി.സി
**കണ്ണൂർ**

## 2021-22 സാമ്പത്തിക വർഷത്തേക്കാൾ എൻ.പി.എ കുറച്ച സി.പി.സികൾ

- തിരുവനന്തപുരം
- കോട്ടയം
- ഇടുക്കി
- എറണാകുളം
- തൃശ്ശൂർ
- കാസർഗോഡ്

# Be the Number One Finale 2023
## മികച്ച ശാഖകൾ (ജില്ലാ തലത്തിൽ)

| | |
|---|---|
| തിരുവനന്തപുരം | ഹെഡ്ഓഫീസ് ബ്രാഞ്ച് |
| കൊല്ലം | കരുനാഗപ്പള്ളി ഈവനിംഗ് |
| പത്തനംതിട്ട | ഏഴംകുളം |
| ആലപ്പുഴ | ആലപ്പുഴ മെയിൻ |
| കോട്ടയം | കല്ലറ |
| ഇടുക്കി | മുണ്ടിയെരുമ |
| എറണാകുളം | മാർക്കറ്റ് റോഡ് ബ്രാഞ്ച് |
| തൃശ്ശൂർ | ഇരിങ്ങാലക്കുട |
| പാലക്കാട് | പത്തിരിപാല |
| കോഴിക്കോട് | പുതുപ്പാടി |
| വയനാട് | വെള്ളമുണ്ട |
| കണ്ണൂർ | കണ്ണൂർ മെയിൻ |
| കാസർഗോഡ് | ചെർക്കള |
| മലപ്പുറം | പണിക്കോട്ടുംപടി |

**2022-23 സാമ്പത്തിക വർഷം NPA Zero നേട്ടം കൈവരിച്ച ശാഖകൾ**

നിരണം വെസ്റ്റ് ശാഖ, പത്തനംതിട്ട

പെർള ശാഖ, കാസർഗോഡ്

ഇൻഫോപാർക്ക് ശാഖ, എറണാകുളം

**മാനേജിംഗ് എഡിറ്റർ: റോയ് എബ്രഹാം** (ചീഫ് ജനറൽ മാനേജർ) **പത്രാധിപ സമിതി: ഫിറോസ് ഖാൻ പി. എം.** (ജനറൽ മാനേജർ), **ജെ.എസ്. ബബ്‌ലു** (പ്രിൻസിപ്പൽ പിആർഒ), **സി.സഹദ്** (പിആർഒ), **റീനമോൾ റ്റി** (പിആർഒ), **അഭിജിത് ടി** (പിആർഒ), **ഹാറൂൺ റഷീദ്** (പിആർഒ), **ജയ്കർ റ്റി.എസ്** (പിആർഒ)

# FINANCIAL INCLUSION INITIATIVES OF NABARD

NABARD supports deepening of financial inclusion to provide individuals and households with greater access to formal credit system and avail credit support for consumption and investment and thereby leading to strong and sustainable livelihood.



## 1. Financial and Digital Literacy Camps by branches of banks

- NABARD sanctions grant assistance to financial institutions for conduct of financial literacy programmes on various topics such as Mobile Banking, Internet Banking, ATM transactions, Debit card, data security and privacy, safety of e-transactions, Social Security schemes – PMJJBY, PMSBY, and APY, Opening of new accounts – SB, RD, FD etc. for Farmers, School Children, Senior Citizens, SHGs, Entrepreneurs etc. in Rural areas.
- NABARD Support to cooperative banks for each programme is Rs 6000/- for Special Focus Districts and Rs 5000/- for other districts.
- NABARD had sanctioned Rs 47.25 lakh to Kerala Bank for conduct of 1000 camps in Kerala in the FY2022-23.




## 2. Purchase of Mobile Van

- NABARD provided grant support of Rs 15 lakhs/van to Kerala Bank for demonstration of banking technology through mobile van under Financial Inclusion Fund (FIF) in order to promote digital financial literacy and to sensitize and enable merchants and customers to use digital payment systems.

## 3. Other Financial Inclusion Schemes:

NABARD also supports cooperative banks for deployment of Micro ATM and POS/ mPOS, On boarding to BHIM UPI, PFMS and Bharat Bill Payment System (BBPS), Solar Power/ UPS installation at bank branches.

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905